Talented Bankers Literary Panel
പുസ്തകപരിചയം 108

പുസ്തകം പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
ആലപ്പുഴ.

ഇൻജുറി ടൈം,
രമേശൻ മുല്ലശ്ശേരി.

ഫൈനൽ ആണെന്നു കരുതി നമ്മൾ കളിക്കുന്നത് പലപ്പോഴും ലൂസേഴ്സ് ഫൈനൽ ആണ്.

ഒരു ഫുട്ബോൾ ഗ്രൗണ്ടിനെ ചുറ്റിയാണ് ഈ നോവലിന്റ ഭൂമിക വികസിക്കുന്നത്.

ഗ്രൗണ്ടിലെ 2 പകുതികൾ ഇരു കാലത്തിൻറെ പ്രതീകങ്ങളാകുന്നു; ഭൂത-വർത്തമാന കാലങ്ങളുടെ.
ആഖ്യാനത്തിന്റെ പന്ത് തുടർച്ചയായി രണ്ടു പകുതികളിലും കയറിയിറങ്ങിക്കൊണ്ടിരിക്കുന്നു.

കണ്ണൻ /ഉണ്ണികൃഷ്ണൻ എന്ന സൂപ്പർ സബ് ബോൾ കൊണ്ട് മാത്രം സംവദിച്ച്, വാക്കുകളുപയോഗിക്കാൻ മറന്നു പോയവൻ.

വർത്തമാനകാലത്തിൽ നിന്നും അവനെ അടിക്കടി ഭൂതകാലത്തിലേക്കു തള്ളിയിടുന്ന ശിവകരൻ.(കാപാലിക വംശത്തിലെ അവസാന കണ്ണി) അവർ തമ്മിലുള്ള ജന്മാന്തര ബന്ധങ്ങളുടെ- ബന്ധനങ്ങളുടെ കാണാച്ചരടുകൾ.

മഹാവീരൻറെ ജടപോലെ
കണ്ണീരും കാലവും ചരിത്രവും ചതിയും കെട്ടുപിണഞ്ഞുകിടക്കുന്ന വഴികളിലൂടെ നോവലിസ്റ്റ് വാക്കുകളുടെ പന്ത് ഡ്രിബിൾ ചെയ്തു മുമ്പോട്ടു കൊണ്ടുപോകുന്നു.

ഇൻജുറി ടൈം അഥവാ നൊമ്പര നേരങ്ങളിൽ ആണ് കണ്ണന്റെ കാലുകളിൽ കൊടുങ്കാറ്റ് കൂട്ടുകൂട്ടുന്നതും , കുമ്മായ വരകൾ ഭേദിച്ച് പോസ്റ്റുകൾക്കിടയിലൂടെ വലക്കണ്ണിയിൽ വന്നുവീഴുന്ന തുകൽപ്പന്തിന്റെ പരിഭ്രമിച്ചമുഖത്തെ അതനുഭവേദ്യമാക്കുന്നതും.

ഭൈരവന്റെ മുടിക്കെട്ടിൽ നിന്നും കുതിച്ചൊഴുകുന്ന ഗംഗയെപ്പോലെ

വാക്കുകൾ പരന്നൊഴുകുന്നു, ചിലപ്പോൾ ഫണം വിരിച്ച് നമ്മെ
അപ്പാടെ ദംശിക്കുന്നു.
ഓവറുകൾ പിന്നിടും തോറും കൂടുതൽ കൂടുതൽ ഫോമിലേക്കുയരുന്ന
ബാറ്റ്സമാനായിത്തീരുന്നു നോവലിസ്റ്റ്

'നമുക്കൊക്കെ ഭയമാണ് . നാം ഉള്ളിൽ ഒളിപ്പിച്ചുവച്ചിരിക്കുന്ന
സ്നേഹത്തെ. അഗ്നിയെപ്പോലെ.. പരസ്പരം കാണുമ്പോൾ നാം
സ്നേഹം കൊട്ടിയടച്ച് ഉപചാരത്തിൻറെ
വ്യർത്ഥവാക്കുകൾ ഓതുന്നു . തമ്മിൽകാണാതിരിക്കുമ്പോൾ
കനൽപോലെ നീറിപ്പിടിക്കുന്നു.
ഒരു ഹിമപാതത്തിനും തണുപ്പിക്കാനാകാതെ' ( Page44)

'നെഞ്ചിരുകിയ താപമേറ്റ് ചൂടിയിരുന്ന വനമാലാപുഷ്പങ്ങൾ
ശബ്ദമില്ലാതെ തേങ്ങിക്കരഞ്ഞു' എന്ന ഭാഗം 'നേത്രോല്പലമാലയുമിട്ടാൾ
മുന്നേ' എന്ന എഴുത്തച്ഛൻറെ വരികളോടു
കിടപിടിക്കുന്നുണ്ട്!
(പേജ് 75)

തുടർന്നുവരുന്ന ഭാഗങ്ങളുടെ ചിത്രീകരണം ഒക്കെ ഒരു വയലാർ-
ദേവരാജൻ -വിൻസെൻറ് ടീം ഒരുക്കിയ ഗാനരംഗം പോലെ
മനോഹരമാണ്.

പക്ഷേ, അതിലപ്പാടെ അഭിരമിച്ചു പോയ നോവലിസ്റ്റ്, കടലിൽ ചെന്നു
പതിക്കേണ്ട നദിയാകുന്ന
കഥാബീജത്തെ തിരിച്ച് കാട്ടിലേക്കു തന്നെ വഴിതിരിച്ചുവിട്ട പ്രതീതി
ഉണ്ടാക്കുന്നു അവസാന രംഗങ്ങൾ.

സോമനാഥക്ഷേത്രമുറ്റത്തെത്തുമ്പോൾ,
ചതിയുടെ ചുടലഭസ്മം വാരിപ്പൂശി,
കറുത്ത മനുഷ്യരുടെ വെളുത്ത തണുണാസ്ഥികൾ പൊടിഞ്ഞ
ഗന്ധാന്തരീക്ഷങ്ങളെ സാക്ഷിയാക്കി
ഒരു ചരിത്രാഖ്യായികയിലേക്ക് ഉയർത്താമായിരുന്ന നോവലിൻറെ
മൂന്നാംതൃക്കണ്ണിലെ പ്രകാശം കെട്ടുപോകുന്നതു നമ്മൾ അറിയുന്നു.
158-160 പേജുകളിൽ കൊളുത്തി വെച്ച വിളക്ക് 6 പേജുകൾ
കഴിയുമ്പോൾ പൊടുന്നനെ അണഞ്ഞു പോകുന്നു.

അങ്ങനെയൊക്കെയാണെങ്കിലും, കണ്ണൻറെ സ്പർശമേറ്റാൽ തുടിക്കുന്ന
രാധയുടെ കയ്യിലെ നീലഞരമ്പു പോലെ, ഇഞ്ചുറിടൈം നമ്മളെ
പ്രചോദിപ്പിക്കുന്നുണ്ട്;
"സമയമുണ്ടിനിയും,വീണുപോകരുത്. മുഴുവൻ സമയവും

ഇൻജുറിടൈമും കഴിഞ്ഞാലും അധികസമയവും പെനാൽറ്റി ഷൂട്ടൗട്ടും ബാക്കി നിൽപ്പുണ്ട്, വിട്ടുകൊടുക്കരുത് - അവസാന നിമിഷം വരെ " എന്ന കണ്ണൻറെ ആത്മഗതത്തിലൂടെ.

പുസ്തകം മടക്കിവയ്ക്കുമ്പോൾ, തന്റെ പ്രഥമ നോവലിൽത്തന്നെ ഇത്രയും സങ്കീർണ്ണമായ ഒരു പ്ലോട്ട് സ്വീകരിക്കാൻ നോവലിസ്റ്റിനെ പ്രചോദിപ്പിച്ചതെന്ത് എന്നു നമ്മൾ ആലോചിക്കുന്നു.

അപ്പോൾ 86-ാം പേജിലെ വരികളിലേക്ക് നമ്മൾ തിരിച്ചു പോകുന്നു ;
"You are born with wings; Why prefer to crawl through life?"

പ്രസാധകർ - സൈകതം ബുക്സ്
വില - Rs. 170/-